# സെൽഫി.



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION



# സെൽഫി.

ലിറ്റിൽ കൈറ്റ്സ്

ഡിജിറ്റൽ മാഗസിൻ

ജി വി എച്ച് എസ് എസ് കരിങ്കുറ്റി



# പ്രണാമം.....

സെൽഫി.




# ആശംസ

കരിങ്കുറ്റി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

പ്രദീപ് സി
പി റ്റി എ പ്രസിഡന്റ്
ജി വി എച്ച് എസ് എസ് കരിങ്കുറ്റി

സെൽഫി.



# ആശംസ

ലോകം സാങ്കേതിക രംഗത്തു കുതിച്ചുചാട്ടം നടത്തുമ്പോൾ തന്നെ അതിനെ നമ്മുടെ വിരൽതുമ്പിലൊതുക്കുവാൻ കൊതിക്കുന്ന ലിറ്റിൽ കൈറ്റ്സ് എന്ന കുരുന്നുകൾക്കും അവരുടെ വലിയ പ്രവർത്തനങ്ങൾക്കും ആശംസകൾ.

സുധാകരൻ പി വി

ഹെഡ്മാസ്റ്റർ

ജി വി എച്ച് എസ് എസ് കരിങ്കുറ്റി

സെൽഫി.



എത്ര വാക്കുകൾ

കൊരുത്തു വെച്ചാലാണ്

ഒരു കവിതയാവുന്നത്....?

എത്ര ചിന്തകൾ

ചേർത്തുവെച്ചാലാണ്....

...................................?


ഇനിയും എത്ര 'വളർന്നാ'ലാണ്

ഞാൻ നിനക്കു,

തുല്യയാവുന്നത്........?

# സമർപ്പണം

"മഹാപ്രളയത്തിനു മുമ്പിൽ പകച്ചുനിൽക്കാതെ തോളോട്ടുതോൾ ചേർന്ന്, മനുഷ്യരാശി സാക്ഷ്യം വഹിച്ച എക്കാലത്തെയും വലിയ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ മഹാമനസ്സുകൾക്ക് ........"



# ഉള്ളടക്കം

എഡിറ്റോറിയൽ.............09
സെൽഫിക്കുപിന്നിൽ.......10
കരിങ്കുറ്റിയുടെ ചരിത്രത്തിലൂടെ.........12
സങ്കടം മാറ്റിയ മരം.....................16
ആശങ്ക..........................17
പഴഞ്ചൊല്ലുകൾ...............18
സ്കൂളുകൾ ഹൈടെക്കാകുമ്പോൾ.....19
കറുപ്പ്......................................21
വാക്ക്.......................................22
ഉണങ്ങിപോകുന്ന വൃക്ഷങ്ങൾ....24
മികവുകൾ...................26-35
ദുരിതാശ്വാസ ക്യാമ്പിൽ നിന്ന്...36

# എഡിറ്റോറിയൽ

"ഒരു പറ്റം വിദ്യാർത്ഥികളുടെ
സാഹിത്യപരവും കലാപരവും
സാങ്കേതികപരവുമായ കഴിവുകളാണിതിൽ.
പൊതുവിദ്യാഭ്യാസയജ്ഞത്തിന്റെ ഭാഗമായുള്ള
സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ
സാങ്കേതിക മികവിന്റെ ചെറുപതിപ്പ്.
സർഗ്ഗചേതനകൾക്ക് പുത്തൻ വ്യാഖ്യാനങ്ങൾ....
ആധുനിക ജീവിതത്തിന്റെ നേർകാഴ്ചകളിലൂടെ ഒരു സഞ്ചാരം.
ജീവിതത്തിന്റെ തിരക്കുകൾകൾക്കിടയിൽ
സാങ്കേതികവിദ്യയിലൂടെ ആസ്വാദനത്തിന്റെ പുതുഭാവങ്ങൾ.....
പൂർണ്ണത അവകാശപ്പെടാനാവില്ലെങ്കിലും
പരിശുദ്ധിയുടെ പകിട്ടു നഷ്ടമാവാത്തവയാണ് ഞങ്ങളുടെ
രചനകൾ. പാർശ്വവത്കരണത്തിന്റെ നോവുകൾ
കൊണ്ട് ഞങ്ങൾ തയ്യാറാക്കിയ
' ***സെൽഫി .'*** യ്ക്ക് മാറ്റുകുറയില്ലെന്ന വിശ്വാസത്തോടെ...."

എഡിറ്റർ

# സെൽഫിക്കുപിന്നിൽ......

വിജിഷ്ണ .എസ്(സ്റ്റുഡന്റ് എഡിറ്റർ)

വീണ. സി.ജെ

നന്ദന മോഹനൻ

അഖില . എ.ബാബു

ശ്യാമിനി .പി.ഡി

അമൽ കൃഷ്ണ

ബിനു പി എസ് ( എസ് ഐ ടി സി)

അബ്ദുൾ സലാം പി പി (കൈറ്റ് മാസ്റ്റർ)

ധന്യ എസ് ഡി (കൈറ്റ് മിസ്ട്രസ്സ്)

"കടലിൽ നിന്നൊരു കത്തുവന്നു
പുഴയെ കാണാൻ കൊതിയെന്ന്.
പുഴ കടലിനൊരു സന്ദേശമയച്ചു
കാണാൻ ശ്രമിച്ചിരുന്നെന്ന്......"

സെൽഫി.

**ലേഖനം**

# കരിങ്കുറ്റിയുടെ ചരിത്രത്തിലൂടെ.........

ലോക പൈതൃകപട്ടികയിൽപ്പെടുന്ന പശ്ചിമഘട്ടത്തിലാണ് കരിങ്കുറ്റി പ്രദേശം സ്ഥിതിചെയ്യുന്നത്.സമുദ്രനിരപ്പിൽ നിന്നും 1500 മീറ്ററിലധികം ഉയരത്തിലാണ് പ്രദേശം സ്ഥിതിചെയ്യുന്നത്. വികസനത്തിന്റെ പേരിലുള്ള മുറിവുകൾ ഇന്നും കാര്യമായി ഏൽക്കാത്ത കേരളത്തിലെ അപൂർവ്വ സ്ഥലങ്ങളിൽ ഒന്നാണ്.

പ്രദേശത്ത് സ്വാഭാവിക ഉഷ്ണമേഖലാ മഴക്കാട് വിഭാഗത്തിൽപ്പെടുന്ന 122 ഏക്കർ വനഭൂമി സ്ഥിതിചെയ്യുന്നുണ്ട്.ഈ പ്രദേശം മലന്തോട്ടം എന്ന പേരിൽ അറിയപ്പെടുന്നു.ഈട്ടി,തേക്ക്,കുന്നി,പയ്യാനി തുടങ്ങി കോടിക്കണക്കിന് വിലമതിക്കുന്ന മരങ്ങളും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന കാട്ടു ചേന,കാട്ടുപുകയില എന്നിങ്ങനെയുള്ള ഔഷധസസ്യങ്ങളെയും,പക്ഷികളും മൃഗങ്ങളും ഇവിടെ ഉണ്ട്.നമ്മുടെ ദേശീയ പക്ഷിയായ മയിലുകളെ ഇവിടെ ധാരാളമായി കാണുന്നു. കൂടാതെ കാട്ടു ക്കോഴി,കുളക്കോഴി,തത്ത തുടങ്ങിയ നിരവധി പക്ഷികളുടെ ആവാസകേന്ദ്രം കൂടിയാണിത്.കാട്ടു പന്നി,കാട്ടു പോത്ത്,സിംഹവാലൻ കുരങ്ങ്,ഹനുമാൻ ലാഗൂർ,മുള്ളൻ പന്നി,കീരി,അണ്ണാൻ,മലയണ്ണാൻ തുടങ്ങിയ നിരവധി ജീവികളെയും ഇവിടെ യഥേഷ്ടം കാണാവുന്നതാണ്.അട്ട,കുളയട്ട എന്നിവയേയും ധാരാളമായി ഇവിടെ കാണാൻ സാധിക്കുന്നുണ്ട്.

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുൻപ് സ്പൈസസ് ബോർഡിന്റെ ഉദ്യോഗസ്ഥൻ ജിന ചന്ദ്രഗൗഡർക്ക് കാപ്പി കൃഷിചെയ്യുന്നതിന് വേണ്ടി പാട്ടക്കാരാർ അടിസ്ഥാനത്തിൽ നൽകിയിരുന്ന ഈ സ്ഥലം പണ്ട് കാപ്പി,തേയില,കുരുമുളക്,റബ്ബർ മുതലായവ കൃഷിചെയ്യുന്നതിന് ബ്രിട്ടീഷുകാരിൽനിന്നും പാട്ടക്കാരൻ ഉറപ്പിച്ച് കൃഷിക്കാർ വാങ്ങുമായിരുന്നു. ഈ പ്രദേശത്ത്ചെമണ്ണ്,പശിമണ്ണ്,കല്ലും ചരലും കലർന്ന മണ്ണ്,ജൈവവംശമുള്ള വനമണ്ണ് എന്നിവയാണ് പ്രധാനമായും കാണപ്പെടുന്ന മൺത്തരങ്ങൾ.

ഇവിടെ പ്രധാന ജലസംരക്ഷണ മാർഗ്ഗമാണ്തടയണകൾ.തോടുകളിലേയും പുഴകളിലേയും വെള്ളം അധികമായി തടഞ്ഞുനിർത്തി ജലശേഖരം ഉണ്ടാക്കുന്നതിനും അങ്ങനെ ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനും സഹായിക്കുന്നതാണ് തടയണകൾ.

സെൽഫി.

ഈ പ്രദേശത്ത് ധാരാളം കുളങ്ങളുണ്ടായിരുന്നു. എല്ലാപാടശേഖരണങ്ങളിലും നിറഞ്ഞൊഴുകുന്ന കുളങ്ങൾ, **തലക്കുളങ്ങൾ** എന്ന പേരിൽ സംരക്ഷിച്ചുവരുന്നു. വയലിനും കരയ്ക്കും ഇടയിൽ നിർമ്മിച്ചിരുന്ന ഈ കുളങ്ങളിലെ വെള്ളം ഒരിക്കലും വറ്റാറില്ല.കരയിലെ കൃഷിക്കും വെള്ളം ഉപയോഗിക്കാം എന്നതാണ് ഇതിന്റെ പ്രത്യേകത.

കബനിനദിയുടെ പോഷകനദികളായ വലിയ പുഴയും ,ചെറിയ പുഴയും വൈത്തിരിയിൽ നിന്നും ഉത്ഭവിച്ച് ഈ പ്രദേശത്തിന്റെ സമീപത്തുകൂടി 5 കിലോമീറ്ററോളം സഞ്ചരിച്ച് പനമരം പുഴയിൽ എത്തിചേരുന്നു. ഈ പ്രദേശത്ത് സുഗന്ധവ്യഞ്ജനങ്ങളായ ഏലം, കുരുമുളക്, ഇഞ്ചി, ജാതിക്ക, കറുകപ്പട്ട, ഗ്രാമ്പൂ, വാനില, മഞ്ഞൾ തുടങ്ങിയവയും നാണ്യവിളകളായ കാപ്പി,റബ്ബർ,കവുങ്ങ് ,തെങ്ങ് എന്നിവയും ഭക്ഷ്യവിളകളായ നെല്ല്,വാഴ,മരച്ചീനി,ചേമ്പ്,ചേന ഇവയും വ്യാപകമായി പച്ചക്കറികളും കൃഷിചെയ്തുവരുന്നു.

വയനാട്ടിലെ ആദിമനിവാസികളിൽമിക്കവിഭാഗങ്ങളും കാണപ്പെടുന്ന പ്രദേശമാണ്കരിങ്കുറ്റി.കുറിച്ച്യർ, കുറുമർ, കാട്ടുനായ്ക്കർ, പണിയർ തുടങ്ങിയവർ ധാരാളം അധിവസിക്കുന്ന പ്രദേശമാണിത്.

കരിങ്കുറ്റിയിലെ മറ്റൊരു ജനവിഭാഗമാണ് ജൈനമതക്കാർ. 1799 വരെ കർണ്ണാടകത്തിന്റെ ഭാഗമായിരുന്ന വയനാട്ടിൽ 1750-60 കാലയലവിൽ ജനിച്ച പ്രമുഖനായിരുന്നു ശ്രീ ഗൗസപ്പഗൗഡർ. ഇദ്ദേഹം 1840-ൽ മരണപ്പെട്ടു.അദ്ദേഹത്തിന് സാമൂതിരി പ്രത്യേക പദവി നൽകി.ശ്രീ കൃഷ്ണഗൗഡർ പ്രദേശത്ത് കാപ്പി പ്രചരിപ്പിച്ചതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

പ്രമുഖ വൈദ്യനായിരുന്ന ശ്രീ ആണ്ടിക്കുറിപ്പ് ഉൾപ്പെടെ നിരവധി വ്യക്തികൾ പ്രദേശത്തിന്റെ അഭിമാനമായിരുന്നു.നിരവധി നായർ, ഈഴവകുടുംബ ങ്ങൾ ഇവിടെ  ചരിത്രത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.വണ്ടിയാമ്പറ്റ ആണ്ടിക്കുറിപ്പ്,കളത്തിൽ ചാത്തുക്കുട്ടിനായർ,പാലൂക്കര ശങ്കരൻ നായർ,പ്രമുഖ വാര്യർ കുടുംബാംഗമായ ശ്രീ ഗോപാലവാര്യർ,കൈപ്പട പോലുള്ള നിരവധി ഈഴവ കുടുംബാംഗങ്ങൾ........തുടങ്ങിയവർ കരിങ്കുറ്റിയുടെ ചരിത്രത്തെ ഏറെ സ്വാധീനിച്ചവരാണ്.

വയനാട്ടിലെ പുരാതനഗ്രാമമായ കരിങ്കുറ്റിയിൽ വിദ്യാഭ്യാസത്തിന്റെ ആദ്യചുവടുവെപ്പായിരുന്ന കോട്ടത്തറ എസ് എ എൽ പി സ്കൂളിന്റെ ആരംഭം. ദീർഘദർശികളായ പത്മപ്രഭാകുടുംബമായിരുന്ന ഈ വിദ്യാലയം

സെൽഫി.

ആരംഭിച്ചത്. എൽ പി സ്കൂൾ പഠനം അവസാനിക്കുന്നതോടെ വിദ്യാഭ്യാസം അവസാനിപ്പിക്കാനായിരുന്നു ഈ ഗ്രാമത്തിലെ നിരവധി തലമുറകളുടെ തലവിധി. സാമ്പത്തികമായും സാമൂഹികമായും മെച്ചപ്പെട്ട രക്ഷിതാക്കൾ മാത്രം തങ്ങളുടെ കുട്ടികളെ അയൽഗ്രാമങ്ങളായ പള്ളിക്കുന്നിലേക്കും കണിയാമ്പറ്റയിലേക്കും കമ്പളക്കാടേക്കും കൽപ്പറ്റയിലേക്കും തെക്കുംതറയിലേക്കും മറ്റും ഉപരിപഠനത്തിനയച്ചു.  സാമൂഹ്യവും സാമ്പത്തികവും ആയി പിന്നോക്കം നിന്നിരുന്ന ആദിവാസി, തോട്ടം തൊഴിലാളികളുടെയും മക്കളുടെ വിദ്യാഭ്യാസം അവിടെ അവസാനിക്കുകയായിരുന്നു. വയനാട്ടിലെതന്നെ ഏറ്റവും അധികം പട്ടികവർഗ്ഗവിഭാഗങ്ങൾ താമസിക്കുന്ന പ്രദേശം കൂടിയാണ് കരിങ്കുറ്റി. കുറിച്യർ, പണിയർ, കാട്ടുനായ്ക്കർ, കുറുമർ തുടങ്ങിയവർ ഈ പ്രദേശത്ത് ധാരാളമായി വസിക്കുന്നുണ്ട്.

നിരവധി നിവേദനങ്ങളും ദീർഘദർശികളായ രാഷ്ട്രീയനേതാക്കൻമാരുടേയും സാമൂഹ്യപ്രവർത്തകരുടേയും രക്ഷിതാക്കൻമാരുടേയും ഊർജിതശ്രമഫലമായി 1983 ജൂലൈ മാസത്തിൽ കരിങ്കുറ്റിയിലെ അംഗൻവാടി കെട്ടിടത്തിൽ ഹൈസ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു. ഈ വിദ്യാലയത്തിലെ ആദ്യ വിദ്യാർത്ഥി, ആദ്യത്തെ പി ടി എ പ്രസിഡന്റായിരുന്ന ശ്രീ. വി ഡി തോമസിന്റെ മകൻ സിബി തോമസ്ആണ്.

1983 ൽ സ്കൂൾ ആരംഭിച്ചപ്പോൾ ഈ വിദ്യാലയത്തിൽ ഒരേഒരു അധ്യാപകനാണ് ഉണ്ടായിരുന്നത്. മുൻ പ്രിൻസിപ്പലും വയനാട് സർവ്വസേവാമണ്ഡലം സെക്രട്ടറിയും വയനാട് ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗവും പ്രമുഖ ഗാന്ധിയനുമായ ഡോ.പി ലക്ഷ്മണൻ ആയിരുന്നു ആ അധ്യാപകൻ.

1983-84 വർഷത്തിൽ എട്ടാം ക്ലാസ്സ് ആരംഭിച്ച സ്കൂളിൽ 1984-85 വർഷം ഒമ്പതാം ക്ലാസ്സും 1985-86 വർഷം ആദ്യത്തെ പത്താം ക്ലാസ്സ് ബാച്ചും ആരംഭിക്കുകയായിരുന്നു. ഇക്കാലത്ത് ക്ലാസ്സുകൾ നടത്തിയിരുന്നത് ശ്രീ അയ്യോത്ത് കാവ് പരദേവത ക്ഷേത്രത്തിന്റെ അധീനതയിലുള്ള മൂന്നുവശവും തുറന്ന ഒരു ഹാളിലായിരുന്നു. സ്കൂളിലേക്ക് ആവശ്യമായ ബെഞ്ച്, ഡെസ്ക്, മേശ, കസേര എന്നിവയെല്ലാം സമീപവാസികളുടെ വീടുകളിൽനിന്നും  കൊണ്ടുവന്നതായിരുന്നു.

സ്കൂൾ കെട്ടിടം നിർമിക്കുന്നതിനുവേണ്ടി കോട്ടത്തറ പഞ്ചായത്തിൽ നിരവധി സ്ഥലങ്ങൾ അന്വേഷിച്ചെങ്കിലും സൗജന്യമായി ഭൂമി ലഭിച്ചില്ല. ആ അവസരത്തിലാണ്   മാതൃഭൂമി ഡയറക്ടർ ശ്രീ. എം ജെ വിജയപത്മനാഭൻ മൂന്നര ഏക്കർ സ്ഥലം സ്കൂളിനുവേണ്ടി സൗജന്യമായി നൽകിയത്.സ്കൂൾനിർമ്മാണകമ്മിറ്റി പ്രസിഡന്റായിരുന്ന ശ്രീ ചന്ദ്രപ്രഭ സ്കൂളിലേക്കുവേണ്ടി മരവും നല്ലൊരുസംഖ്യ സംഭാവനയും നൽകി. വിദ്യാലയം സ്ഥാപിക്കുന്നതിനുവേണ്ടി അഹോരാത്രം പ്രവർത്തിച്ച മറ്റൊരു മഹത് വ്യക്തിയായിരുന്ന അന്നത്തെ കോട്ടത്തറ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ വി ഡി

സെൽഫി.

തോമസ്. അദ്ദേഹമായിരുന്ന സ്കൂളിന്റെ ആദ്യത്തെ പി ടി എ പ്രസിഡന്റ്. പഞ്ചായത്ത് മെമ്പറായിരുന്ന ശ്രീ അമിതരാജനും സ്കൂൾ സ്ഥാപിക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.1983 ജൂലൈ മാസത്തിൽ കൽപ്പറ്റ നിയോജകമണ്ഡലം എം എൽ എ യും സംസ്ഥാനസഹകരണവകുപ്പമന്ത്രിയുമായിരുന്ന ശ്രീമതി എം കമലത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അന്നത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്ന ശ്രീ.ടി.എം ജേക്കബ് സ്കൂൾകെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു.

കരിങ്കുറ്റി ഗവൺമെന്റ് സ്കൂളിൽ നിന്നും നിരവധി കുട്ടികൾ സംസ്ഥാനതലത്തിൽ അറിയപ്പെട്ടു. സംസ്ഥാനകായിക മേളയിൽ ജാവലിൻ ത്രോ, അമ്പെയ്ത്ത് എന്നിവയിൽ മികച്ചനേട്ടം കൈവരിച്ചു. കലാമേളയിൽ 1997-98 വർഷങ്ങളിൽ അധ്യാപകനായിരുന്ന ശ്രീ സോഹൻലാലിന്റെ നേതൃത്വത്തിൽ ടാബ്ലോ മത്സരത്തിൽ സംസ്ഥാനതലത്തിൽ ശ്രദ്ധേയമായ മത്സരം കാഴ്ചവെക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തു.

വയനാട്ടിലെ ഏറെ പിന്നാക്കമായ ഈ ഗ്രാമത്തിൽ നിന്നും ധാരാളം വിദ്യാർത്ഥികൾ സർക്കാർ സർവ്വീസിലെത്തി. വിദ്യാഭ്യാസം, എക്സൈസ്, റവന്യൂ, പോലീസ് തുടങ്ങി നിരവധി വകുപ്പുകളിൽ ജോലിചെയ്യുന്ന പലരും ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥികളായിരുന്നു. കൂടാതെ സ്വകാര്യമേഖലയിലും വിദേശ രാജ്യങ്ങളിലും ജോലിചെയ്യുന്നവരും നിരവധിയുണ്ട്.

എസ് എസ് എൽ സി വിജയശതമാനത്തിന്റെ കാര്യത്തിലും കരിങ്കുറ്റി സ്കൂൾ വയനാട്ടിൽ മുൻപന്തിയിൽ നിൽക്കുന്നു. 2011-12 വർഷങ്ങളിൽ 94 ശതമാനം വിജയവും 2012-13,2013-14, 2014-15 വർഷങ്ങളിൽ 100 ശതമാനം വിജയവും നേടാൻ വിദ്യാലയത്തിനു സാധിച്ചു.

2006 ൽ കരിങ്കുറ്റി ഗവൺമെന്റ് സ്കൂളിൽ വൊക്കേഷണൽ ഹയർസെക്കൻഡറി അനുവദിച്ചു. ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് മെഡിക്കൽ ലാബ് ടെക്നീഷ്യൻ എന്നീ ഐച്ഛികവിഷയങ്ങളാണ് ഇവിടെ നിലവിലുള്ളത്. ഇതോടുകൂടി ഹയർസെക്കൻഡറി വരെയുള്ള വിദ്യാഭ്യാസം ഈ ഗ്രാമത്തിന് പ്രാപ്യമാവുകയായിരുന്നു.

പ്രഗൽഭരായ നിരവധി ഹെഡ്മാസ്റ്ററുടേയും അധ്യാപകരുടേയും രക്ഷിതാക്കളുടേയും നേതൃത്വത്തിൽ കരിങ്കുറ്റി സ്കൂൾ വളർച്ചയുടെ പടവുകൾ കയറുകയായിരുന്നു.

സോഷ്യൽ സയൻസ് ക്ലബ്ബ്
ജി വി എച്ച് എസ്എസ് കരിങ്കുറ്റി


കവിത

# സങ്കടം മാറ്റിയ മരം

സങ്കട യാമിനിയാൽ എന്നരികെ വന്നു,
ദു:ഖത്താൽ വിങ്ങി വിങ്ങി കരഞ്ഞതും
എൻ ദലമർമ്മരത്താൽ അവളുടെ
ചുണ്ടുകളിൽ ചിരിതൂകി നിന്നു.

ചിരിതൂകിയ ചുണ്ടുകൾ വീണ്ടും
വീണ്ടും വിതുമ്പാൻ തുടങ്ങി.
ദലങ്ങളാൽ പുഷ്പങ്ങൾ
പൊഴിച്ചിട്ടും നേരം.
പിന്നെയും പൊഴിഞ്ഞ ചിരിയാൽ
എൻ മിഴികളടഞ്ഞിരിക്കെ

എന്നരികെവന്നൊരു മുത്തം തന്നു
ഇരുവരും സുഹൃത്തായിമാറി
രാവും പകലും കടന്നുപോയി
അവളുടെ ചിന്തയവിടെത്തന്നെ.



**ശ്യാമിനി.പി.ഡി**

IX A

കഥ

# ആശങ്ക

ശിരസ്സിൽ നരയ്ക്കുന്ന സമ്മർദ്ദങ്ങളുമായി പൊരുത്തപ്പെട്ടു വരുമ്പോഴാണ് ബ്രേക്കിങ് ന്യൂസ്......

...........പാൽ, പത്രം, വിവാഹം, ആശുപത്രി എന്നിവ തടസ്സപ്പെടില്ല. കേട്ടപാതി കേൾക്കാത്തപാതി നഗരം ബിവറേജിലേക്ക് ഒഴുകി....ബിവറേജ് നഗരഗ്രാമവ്യത്യാസമില്ലാതെ കുത്തിയൊലിച്ചു.

ചെക്കുപോസ്റ്റുകളിൽ കുടുങ്ങികിടന്ന പാണ്ടിലോറികളിലെ കോഴികളുടെ ആയുസ്സിലേക്കുള്ള ദൂരം പൊടുന്നനെ കുറഞ്ഞു...... കുത്തനെ ഇടിഞ്ഞു.

ഏറ്റവും അധികം ലൈക്ക് കിട്ടിയത് കുട്ടികളിൽ നിന്നാണ് . തങ്ങളുടെ ജീവിതത്തിലെ ഒരു സുപ്രധാനദിനം നഷ്ടപ്പെടുന്നതിലെ ആശങ്കകളില്ലാതെ, വ്യാകുലപ്പെടാതെ അവർ കമന്റു ചെയ്തു "പൊളി..."

നഗരത്തിലെ തിരക്കുകൾക്കിടയിലൂടെ നടന്നുനീങ്ങുമ്പോൾ, ആകസ്മികമായി വീണുകിട്ടിയ അവധിയുടെ ആഹ്ലാദം കടന്നുപോകുന്ന ഓരോ മുഖത്തും അയാൾ കണ്ടു. നഗരമധ്യത്തിലെ ഗാന്ധിപ്രതിമയുടെ ശിരസ്സ് പിന്നെയും കുനിഞ്ഞോ....? എന്നയാൾ സംശയിച്ചു.

എൻ കെ ഹരീഷ് കുമാർ
എച്ച് എസ് എ സോഷ്യൽ സയൻസ്

# പഴഞ്ചൊല്ലുകൾ

സമ്പാദനം:മയൂഖ പ്രദീപ് V A

* അരയ്ക്കുമ്പോൾ തെകിട്ടിയാൽ കഴിക്കുമ്പോൾ ഛർദ്ദിക്കും
* ആണയാൽ ചുണവേണം പെണ്ണായാൽ നാണം വേണം
* അണ്ണാറക്കണ്ണനും തന്നാലായത്
* അനുഭവം ആദ്യഗുരു
* അച്ഛൻ വീട്ടിലുമില്ല കിണറ്റിലുമില്ല
* അമ്മാവിയും മരുമകളും ഒന്നാകും കാലം കാഞ്ഞിരത്തിൽ പഴം തേനായിമാറും
* അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
* അരിയെത്ര പയറഞ്ഞാഴി
* അച്ചിക്കില്ലാത്ത കുന്തം  നായർക്കെന്തിനാ
* അയലത്തെ  മണ്ണാനെക്കാൾ അടുത്തുള്ള കല്ലാണ് കൂടുതൽ ഉപകാരി
* അങ്ങോട്ടുണ്ടെങ്കിലെ ഇങ്ങോട്ടുമുള്ളൂ
* അങ്കവും കാണാം താളിയുമൊടിക്കാം
* അളമുട്ടിയാൽ ചേരയും കടിക്കും
* അക്കരെ നിന്നാൽ ഇക്കരെപ്പച്ച
*അമ്മാവൻ ചാവുകയുമില്ല കട്ടിലൊഴിയുകയുമില്ല
* അരച്ചത് വീണ്ടുമരച്ചാൽ മുഖത്തു തെറിക്കും
* അരുകിൽ വന്ന ശത്രുവിനെ നേരിടാൻ അകലെ നിൽക്കുന്ന മിത്രത്തെ വിളിക്കരുത്
* അരമന രഹസ്യം അങ്ങാടിയിൽ പാട്ട്
* അണയാറായ ദീപം പോലെ
* അടയ്ക്ക ആയാൽ മടിയിൽ വയ്ക്കാം കവുങ്ങായാലോ...?
* അമ്മയും മകളും പെണ്ണുതന്നെ
* അപ്പുറത്ത് തേങ്ങ തിരുവുമ്പോൾ ഇപ്പുറത്ത് ചിരട്ടയെങ്കിലും തിരുവണ്ടെ
*  അത്താഴം മുടങ്ങാൻ നീർക്കോലി കടിച്ചാൽ മതി
* അട്ടയെപിടിച്ചു മെത്തയിൽ കിടത്തിയാൽ കിടക്കുകയില്ല
* അണ്ണാൻ വയസ്സായാലും മരം കേറ്റം മറക്കില്ല
* അമ്മായി ഉടച്ചത് മൺകുടം മരുമകൾ ഉടച്ചത് പൊൻകുടം

**ലേഖനം**



# സ്കൂളുകൾ ഹൈടെക്കാകുമ്പോൾ.....

ജ്യോതിക - സ്കൂൾ ലീഡർ- X A


പാശ്ചാത്യമാതൃകകളിൽ കേരളത്തിലെ സ്കൂളുകളും ഹൈടെക്കായി മാറികൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെ വിദ്യാഭ്യാസ ചരിത്രത്തിൽ തന്നെ കേരളം മാതൃകയായി തീർന്നിരിക്കുന്നു. നമ്മുടെ സർക്കാരിന്റെ കർമ്മപരിപാടികളിൽ ഒന്നായി പൊതുവിദ്യാഭ്യാസയജ്ഞം നാം ഏറ്റെടുത്തു. അതിന്റെ ഭാഗമായി സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖല സമാനതകളില്ലാത്ത കുതിച്ചുചാട്ടം നടത്തി. വിദ്യാഭ്യാസം നാടിന്റെ വികസനത്തിന്റെ നട്ടെല്ലാണെന്ന കാര്യത്തിൽ തർക്കമില്ല. നാടോടുമ്പോൾ നടുവേ ഓടണം എന്നാണല്ലോ ചൊല്ല്.



സെൽഫി.


വിവരസാങ്കേതികവിദ്യ വിരൽത്തുമ്പിൽ ഒതുങ്ങുമ്പോൾ വിദ്യാഭ്യാസരംഗവും അനുദിനം പരിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കണം. സാങ്കേതികവിദ്യയെ സാധാരണക്കാരിലെത്തിക്കുവാനുള്ള ഒരു സുവർണ്ണാവസരം തന്നെയാണ് ഹൈടെക്ക് വിദ്യാലയങ്ങൾ. വിദ്യാഭ്യാസം മികവുള്ളതാകണം ഏതുകാലത്തും. ഒരു കാലത്ത് വരേണ്യ വർഗ്ഗത്തിന്റേതെന്നു നാം കരുതിയ സാങ്കേതികവിദ്യയെ ഏതൊരു സാധാരണക്കാരനും പ്രയോജനപ്പെടുത്താനും നിർഭയത്വത്തോടെ സമീപിക്കാനുമുള്ള അവസരമാണ് സ്കൂളുകൾ ഹൈടെക്കായി മാറുന്നതോടെ ലഭ്യമാവുന്നത്. സ്കൂൾ മാത്രമല്ല വിദ്യാർത്ഥികളും പഠനമുറിയും, പഠനാന്തരീക്ഷവും അധ്യാപകരും ജീവനക്കാരും പി റ്റി എ യും എന്തിനേറെ ഒരു പ്രദേശം മുഴുവൻ ഹൈടെക്കായി മാറുകയാണ് സ്കൂൾ ഹൈടെക്കാവുന്നതിലൂടെ.

ക്ലാസ്സ് മുറിയിൽ നിന്ന് പാഠപുസ്തകങ്ങളും എഴുത്ത് ഉപകരണങ്ങളും പുറന്തള്ളപ്പെടുകയും സ്കൂളുകൾ പൂർണമായും ഡിജിറ്റലൈസേഷന്റെ ഭാഗമായിത്തീരുകയും ചെയ്യുന്നകാലം വിദൂരമല്ല.



കവിത

# കറുപ്പ്



കുട്ടിക്കു നിറമില്ലപോലും
കറുത്തിട്ടാണ്
കറുപ്പൊരു നിറമല്ലെന്നു പോലും
പലരും പറഞ്ഞു.
കറുപ്പിനോടെന്നും
എനിക്കു പ്രണയമായിരുന്നു.
കറുപ്പ്
കറുത്തവന്റെ അടയാളമാണു പോലും..........
കറുപ്പിനെ പുണരാൻ
ഞാൻ പലപ്പോഴും വെമ്പി.........
കറുപ്പ് സ്വയം പിൻവാങ്ങി..........
കറുപ്പിന്റെ കാഠിന്യം
ബന്ധങ്ങളുടെ ദൃഢതയായി
ഞാൻ കരുതി.
പക്ഷേ കറുപ്പിന്റെ
സൗഹൃദക്കൂട്ടങ്ങളിൽ
അവൻ വെളുപ്പിനെ അകറ്റി നിർത്തി............
ഏതോ അധീശ്വത്വത്തിന്റെ
താൻ പോരിമയുടെ
അഹന്ത എനിക്കു ചാർത്തി.
ഒടുവിൽ ഞാൻ കൂട്ടിവച്ച
സ്വപ്നങ്ങളിൽ നിന്ന് .........
സൗഹൃദങ്ങളിൽ നിന്ന്
എന്നെ പോൽ
എന്റെ ബന്ധങ്ങളും
വിളറി വെളുത്തു പോയിരുന്നു.......

ധന്യ എസ് ഡി - എച്ച് എസ് എ മലയാളം

കവിത

# വാക്ക്

അബ്ദുൾ സലാം പറമ്പിൽ പീടിക

കുറേ വാക്കുകൾ പെറുക്കി
ഞാൻ
വെയിലത്തിട്ടു.
ഉണങ്ങിയിട്ടു വേണം
അഭിപ്രായം പറയാൻ...
വെയിൽ വെന്തതുകൊണ്ടാവും,
വാക്കുകൾക്കൊന്നും
പണ്ടത്തെ ഉറപ്പില്ല.
എന്നാലും
പറഞ്ഞേക്കാം...രണ്ടുവാക്ക്.



कविता

# यादें .....

बिनु पी एस

बीती बातों की यादें

है.. हर किसी के मन में...

ज़िन्दगी सिखा देती है यादें..

तो कभी खोजाती है....ज़िन्दगी की यादें....



കവിത

# ഉണങ്ങിപോകുന്ന വൃക്ഷങ്ങൾ

വൃക്ഷങ്ങൾ എന്നും എനിക്കെന്റെ സ്വന്തം
ജീവന്റെ സ്പന്ദനമായൊരു ഗ്രന്ഥം
താങ്ങാൻ കഴിയാത്ത മാലിന്യം നാം
റോഡിനരികിൽ നിക്ഷേപിക്കുന്നു!

എത്രയോ കുഞ്ഞിച്ചെടികൾ-
മനസാക്ഷി ഉള്ളവർ നട്ടിടുന്നു
സ്നേഹമില്ലാത്ത മനുഷ്യർ
വൃക്ഷങ്ങളെല്ലാം വെട്ടിടുന്നു!

മഴയും വെയിലും പോയ്മറഞ്ഞു
വളർച്ചകളൊക്കെ വന്നടുത്തു
ഇനിയെന്തു ചെയ്യുമാ ദുഷ്ടമനുഷ്യർ
ഭൂമിയെ മൊത്തമായി നശിപ്പിക്കുമോ?

സെൽഫികൾ എടുത്ത് ലൈക്കുകൾ
കിട്ടാൻ മരം നട്ടിടുന്നു
നമ്മെ പോലെ പാവം മനുഷ്യർ
വനങ്ങളെയെന്നും സ്നേഹിക്കുന്നു.

**വിജിഷ്ണ എസ്**
IX A

# അഭിമാനമുഹൂർത്തം



## നവദീപ് ചന്ദ്രൻ

**ഹിന്ദി പദ്യം ചൊല്ലലിൽ തുടർച്ചയായി മൂന്നാമതും സംസ്ഥാന വിജയി.**

# മികവുകൾ



## ക്ലാസ്സ് ലൈബ്രറി ഉദ്ഘാടനം

സെൽഫി.


ജി.വി.എച്ച്.എസ്.എസ്.കരിങ്കുറ്റി
എസ്.എ.എൽ.പി.സ്കൂൾ കോട്ടത്തറ, കരിങ്കുറ്റി
മികവുത്സവം 2018
2018 ഏപ്രിൽ 8 ഞായർ 3 മണി – ആനേരി കമ്മ്യൂണിറ്റി ഹാൾ
ഉദ്ഘാടനം: ശ്രീമതി.ലീലാമ്മ ജോസഫ്
(പ്രസിഡണ്ട്, കോട്ടത്തറ ഗ്രാമപഞ്ചായത്ത്)
എവർക്കും സ്വാഗതം


സ്കൂൾ പ്രവേശനോത്സവം
2018-19

## വായനാദിനാഘോഷം



## വിജയോത്സവം



## ഹലോ ഇംഗ്ലീഷ്



## കായിക ദിനം



സെൽഫി.

# ഭക്ഷ്യദിനാഘോഷം








GV

സെൽഫി.



# സ്കൂൾ കലോത്സവം

# തപാൽ ദിനാഘോഷം






# പ്രാദേശിക പഠനഗ്രൂപ്പ്





# സഹപാഠിക്കൊരു സ്നേഹവീട്





സെൽഫി.

# ആനുകാലിക ക്വിസ്സ്



# ദുരിതാശ്വാസ ക്യാമ്പിൽ നിന്ന്...





സെൽഫി.



# നന്ദിയോടെ......

കൊരുത്തുവെച്ച വാക്കുകൾക്ക്
കരുത്തു കുറവായിരിക്കാം.
പക്ഷേ ജീവിതാനുഭവങ്ങളുടെ
തീച്ചൂളയിൽ
ഉയിർകൊണ്ട പന്തങ്ങളാണവ.....
ഭാഷയും അധീശ്വത്വവും
അടക്കിവാണ ഒരു വർഗ്ഗത്തിന്റെ
രോദനങ്ങളാണ്.....
മതേതരത്വവും മാനവികതയും
മനുഷ്യത്വവും മരവിച്ച
കാലഘട്ടത്തിൽ
മതം മനുഷ്യനെ ബാധിച്ച
രാഷ്ട്രീയ ഇച്ഛാശക്തിയായി
തീരുമ്പോൾ
വാക്കുകൾകൊണ്ട്
അതിനെ പ്രതിരോധിക്കാൻ
ഞങ്ങൾ നടത്തിയ എളിയൊരു ശ്രമം.
ഇതിനു പിന്നിൽ പ്രവർത്തിച്ച
കരിങ്കുറ്റി ഹൈസ്കൂളിലെ
ലിറ്റിൽ കൈറ്റ്സ് നേതൃത്വത്തിനും
കൂട്ടുകാർക്കും പ്രോൽസാഹിപ്പിച്ചവർക്കും
പിന്തുണച്ചവർക്കും നന്ദി.....

എഡിറ്റർ